

സിംഹങ്ങൾ

നീതിമാന്മാരും ദുഷ്ടന്മാരും

ആരും ഓടിക്കാതെ ദുഷ്ടന്മാർ ഓടിപ്പോകുന്നു; നീതിമാന്മാരോ സിംഹംപോലെ നിർഭയരായിരിക്കുന്നു. സദൃശവാക്യങ്ങൾ 28:1
നിർമ്മദരായിരിപ്പിൻ; ഉണർന്നിരിപ്പിൻ; നിങ്ങളുടെ പ്രതിയോഗിയായ പിശാചു അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരിഞ്ഞു ചുറ്റിനടക്കുന്നു. 1 പത്രൊസ് 5:8

പഞ്ചഗ്രന്ഥങ്ങൾ

യഹൂദാ ഒരു ബാലസിംഹം; മകനേ, നീ ഇരപിടിച്ചു കയറിയിരിക്കുന്നു; അവൻ കുനിഞ്ഞു, സിംഹംപോലെയും വൃദ്ധസിംഹംപോലെയും പതുങ്ങിക്കിടക്കുന്നു; ആർ അവനെ എഴുന്നേല്പിക്കും? ഉല്പത്തി 49:9

ഇതാ, ജനം ഒരു സിംഹത്തെപ്പോലെ എഴുന്നേൽക്കുന്നു; ഒരു ബാലസിംഹത്തെപ്പോലെ അവൻ തെളിഞ്ഞുനിലക്കുന്നു; അവൻ ഇര പിടിച്ചു തിന്നാതെയും നിഹതന്മാരുടെ രക്തം കുടിക്കാതെയും കിടക്കയില്ല. സംഖ്യാപുസ്തകം 23:24

അവൻ പതുങ്ങി കിടന്നു; സിംഹംപോലെയും സിംഹംപോലെയും അവൻ പതുങ്ങി കിടന്നു; ആർ അവനെ ഉണർത്തും? നിന്നെ അനുഗ്രഹിക്കുന്നവൻ ഭാഗ്യവാൻ; നിന്നെ ശപിക്കുന്നവൻ ശപിക്കപ്പെട്ടവൻ. സംഖ്യാപുസ്തകം 24:9

ഗാദിനെക്കുറിച്ചു അവൻ പറഞ്ഞതു: ഗാദിനെ വിസ്താരമാക്കുന്നവൻ അനുഗ്രഹിക്കപ്പെട്ടവൻ; അവൻ സിംഹത്തെപ്പോലെ പതുങ്ങിക്കിടക്കുന്നു; അവൻ ഭുജവും നെറുകയും പറിച്ചുകീറുന്നു. ദാനെക്കുറിച്ചു അവൻ പറഞ്ഞു: ദാൻ ഒരു ബാലസിംഹം ആകുന്നു; അവൻ ബാശാനിൽനിന്നു ചാടും . ആവർത്തനം 33: 20,22

ചരിത്രം

അങ്ങനെ ശിംശോനും അവന്റെ അപ്പനും അമ്മയും തിമ്നയിലേക്കു പോയി തിമ്നയിലെ മുന്തിരിത്തോട്ടങ്ങളിൽ എത്തിയപ്പോൾ ഒരു ബാലസിംഹം അവന്റെ നേരെ അലറിവന്നു. കുറെക്കാലം കഴിഞ്ഞശേഹം അവൻ അവളെ വിവാഹം കഴിക്കാൻ തിരികെ പോകയിൽ സിംഹത്തിന്റെ ഉടൽ നോക്കേണ്ടതിന് മാറിച്ചെന്നു; സിംഹത്തിന്റെ ഉടലിൽ ഒരു കൂട്ടം തേനീച്ചക്കൂട്ടവും തേനും ഉണ്ടായിരുന്നു. അവൻ അതെടുത്തു കയ്യിൽ എടുത്തു തിന്നുകൊണ്ടിരുന്നു; അപ്പന്റെയും അമ്മയുടെയും അടുക്കൽ ചെന്നു അവർക്കും കൊടുത്തു; അവരും തിന്നു; എന്നാൽ സിംഹത്തിന്റെ ഉടലിൽ നിന്നു തേൻ എടുത്തു എന്നു അവൻ അവരോടു പറഞ്ഞില്ല. ഏഴാം ദിവസം സൂര്യൻ അസ്തമിക്കുന്നതിനു മുമ്പ് പട്ടണക്കാർ അവനോടു: തേനിനെക്കാൾ മധുരമുള്ളത് എന്താണ്? സിംഹത്തെക്കാൾ ബലമുള്ളത് എന്താണ്? എന്നു ചോദിച്ചു. അവൻ അവരോടു: നിങ്ങൾ എന്റെ പശുക്കിടാവിനെ പൂട്ടി ഉഴുതില്ലെങ്കിൽ എന്റെ കടം വീട്ടുകയില്ലായിരുന്നു എന്നു പറഞ്ഞു. ന്യായാധിപന്മാർ 14:5 ,8-9,18

ദാവീദ് ശൌലിനോടു പറഞ്ഞതു: അടിയൻ അപ്പന്റെ ആടുകളെ മേയിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു സിംഹവും ഒരു കരടിയും വന്നു കൂട്ടത്തിൽ നിന്നു ഒരു ആട്ടിൻ കുട്ടിയെ പിടിച്ചു. നിന്റെ ദാസൻ സിംഹത്തെയും കരടിയെയും കൊന്നു; ഈ അഗ്രചർമ്മിയായ ഫെലിസ്ത്യൻ ജീവനുള്ള ദൈവത്തിന്റെ സൈന്യത്തെ നിന്ദിച്ചിരിക്കകൊണ്ടു അവനും അവയിൽ ഒന്നിനെപ്പോലെ ആകും. ദാവീദ് പിന്നെയും പറഞ്ഞു: സിംഹത്തിന്റെ കൈയിൽനിന്നും കരടിയുടെ കൈയിൽനിന്നും എന്നെ രക്ഷിച്ച യഹോവ ഈ ഫെലിസ്ത്യന്റെ കൈയിൽനിന്നും എന്നെ രക്ഷിക്കും. ശൗൽ ദാവീദിനോട്: "ചെല്ലുക; യഹോവ നിന്നോടുകൂടെ ഇരിക്കുമാറാകട്ടെ" എന്ന് പറഞ്ഞു. 1 ശമുവേൽ 17:34 ,36-37

ശൌലും യോനാഥാനും ജീവകാലത്തു പ്രീതിയും വാത്സല്യവും ഉള്ളവരായിരുന്നു; മരണത്തിലും അവർ വേർപിരിഞ്ഞില്ല. അവർ കഴുകന്മാരിലും വേഗവാന്മാരും സിംഹങ്ങളെക്കാൾ വീര്യവാന്മാരും ആയിരുന്നു. ശമൂവേൽ -2 1:23

അപ്പോൾ സിംഹഹൃദയംപോലെ ഹൃദയമുള്ള ശൂരനും കൂടെ അശേഷം ഉരുകിപ്പോകും; നിന്റെ അപ്പൻ വീരനെന്നും അവനോടുകൂടെയുള്ളവർ ശൂരന്മാരെന്നും എല്ലാ യിസ്രായേലും അറിയുന്നു. ശമൂവേൽ -2 17:10

കബ്സേലിൽ ഒരു പരാക്രമശാലിയുടെ മകനായ യെഹോയാദയുടെ മകൻ ബെനായാവും വീര്യപ്രവൃത്തികൾ ചെയ്തു; അവൻ മോവാബിലെ സിംഹതുല്യരായ രണ്ട് പുരുഷന്മാരെ കൊന്നു; ഹിമകാലത്ത് അവൻ ഒരു ഗുഹയിൽ ചെന്ന് ഒരു സിംഹത്തെയും കൊന്നുകളഞ്ഞു. ശമൂവേൽ -2 23:20

ചട്ടക്കൂട്ടുകൾക്കിടയിലുള്ള ചട്ടക്കൂട്ടുകളിൽ സിംഹങ്ങളും കാളകളും കെരൂബുകളും ഉണ്ടായിരുന്നു; ചട്ടക്കൂട്ടുകളിൽ മുകളിലായി ഒരു താവളം ഉണ്ടായിരുന്നു; സിംഹങ്ങൾക്കും കാളകൾക്കും താഴെയായി നേർത്ത പണികൊണ്ടുള്ള ചില കൊത്തുപണികൾ ഉണ്ടായിരുന്നു. അതിന്റെ താങ്ങുകളുടെ തട്ടുകളിലും വക്കുകളിലും, ഓരോന്നിന്റെയും അനുപാതം പോലെ അവൻ കെരൂബുകൾ, സിംഹങ്ങൾ, ഈന്തപ്പനകൾ എന്നിവയുടെ രൂപങ്ങളും ചുറ്റും തോരണപ്പണികളും കൊത്തി. 1 രാജാക്കന്മാർ 7:29 ,36

സിംഹാസനത്തിന് ആറു പതനം ഉണ്ടായിരുന്നു; സിംഹാസനത്തിന്റെ മുകൾഭാഗം പിന്നിലേക്ക് വളഞ്ഞിരുന്നു; ഇരിപ്പിടത്തിന്റെ ഇരുവശത്തും കൈത്താങ്ങുകൾ ഉണ്ടായിരുന്നു; കൈത്താങ്ങലുകൾക്കരികെ രണ്ടു സിംഹങ്ങളും നിന്നു. ആറു പതനങ്ങളിൽ ഇപ്പുറത്തും അപ്പുറത്തുമായി പന്ത്രണ്ടു സിംഹങ്ങൾ നിന്നിരുന്നു. ഒരു രാജ്യത്തും ഇതുപോലുള്ളത് ഉണ്ടായിരുന്നില്ല. രാജാക്കന്മാർ 1 10: 19-20

അവൻ പോയപ്പോൾ വഴിയിൽ ഒരു സിംഹം അവനെ കണ്ടു അവനെ കൊന്നു; അവന്റെ ശവം വഴിയിൽ കിടന്നു, കഴുത അതിന്റെ അരികെ നിന്നു, സിംഹവും ശവത്തിന്റെ അരികെ നിന്നു. 23. വഴിപോകുന്ന ആളുകൾ ശവം വഴിയിൽ കിടക്കുന്നതും ശവത്തിന്റെ അരികെ സിംഹം നില്ക്കുന്നതും കണ്ടു; വൃദ്ധനായ പ്രവാചകൻ പാർക്കുന്ന പട്ടണത്തിൽ ചെന്നു അറിയിച്ചു. അവനെ വഴിയിൽ നിന്നു കൂട്ടിക്കൊണ്ടുവന്ന പ്രവാചകൻ അതു കേട്ടപ്പോൾ: അവൻ യഹോവയുടെ വചനം അനുസരിക്കാത്ത ദൈവപുരുഷൻ തന്നേ; യഹോവ അവനോടു അരുളിച്ചെയ്ത വചനപ്രകാരം യഹോവ അവനെ സിംഹത്തിന്നു ഏല്പിച്ചു; അതു അവനെ കീറി കൊന്നുകളഞ്ഞു എന്നു പറഞ്ഞു. അവൻ ചെന്നപ്പോൾ ശവം വഴിയിൽ കിടക്കുന്നതും ശവത്തിന്റെ അരികെ കഴുതയും സിംഹവും നില്ക്കുന്നതും കണ്ടു; സിംഹം ശവം തിന്നുകയോ കഴുതയെ കീറിക്കളകയോ ചെയ്തിരുന്നില്ല. 1 രാജാക്കന്മാർ 13:24 -26,28

അവൻ അവനോടു: നീ യഹോവയുടെ വാക്കു അനുസരിക്കായ്കകൊണ്ടു നീ എന്നെ വിട്ടു പോയ ഉടനെ ഒരു സിംഹം നിന്നെ കൊല്ലും എന്നു പറഞ്ഞു. അവൻ അവനെ വിട്ടു പോയ ഉടനെ ഒരു സിംഹം അവനെ കണ്ടു കൊന്നുകളഞ്ഞു. രാജാക്കന്മാർ 1 20:36

അവര് അവിടെ പാര്പ്പാന് തുടങ്ങിയപ്പോള് യഹോവയെ ഭജിച്ചില്ല; അതുകൊണ്ടു യഹോവ അവരുടെ ഇടയില് സിംഹങ്ങളെ അയച്ചു; അതുകൊണ്ടു അവർ അശ്ശൂർ രാജാവിനോടു: നീ കുടിയിറക്കി ശമര്യാപട്ടണങ്ങളിൽ പാർപ്പിച്ച ജാതികൾ ആ ദേശത്തിലെ ദൈവത്തിന്റെ മാർഗ്ഗം അറിയുന്നില്ല; അതുകൊണ്ടു അവൻ അവരുടെ ഇടയിൽ സിംഹങ്ങളെ അയച്ചു; ആ ദേശത്തിലെ ദൈവത്തിന്റെ മാർഗ്ഗം അവർ അറിയായ്കകൊണ്ടു അവർ അവയെ കൊന്നുകളഞ്ഞു എന്നു പറഞ്ഞു. 2 രാജാക്കന്മാർ 17: 25-26

കബ്സേലിൽ ഒരു പരാക്രമശാലിയുടെ മകനായ യെഹോയാദയുടെ മകൻ ബെനായാവു എന്നൊരുവൻ വീര്യപ്രവൃത്തികൾ ചെയ്തു; അവൻ മോവാബിലെ സിംഹതുല്യരായ രണ്ട് പുരുഷന്മാരെ കൊന്നു; മഞ്ഞുവീഴ്ചയുള്ള ഒരു ദിവസത്തിൽ അവൻ ഒരു ഗുഹയിൽ ചെന്ന് ഒരു സിംഹത്തെയും കൊന്നുകളഞ്ഞു. ദിനവൃത്താന്തം 1 11:22

ഗാദ്യരിൽ ചില വീരന്മാരും യുദ്ധപ്രാപ്തന്മാരും പരിചയും പരിചയും എടുപ്പാൻ പ്രാപ്തിയുള്ള യോദ്ധാക്കളും സിംഹമുഖമുള്ളവരും മലകളിലെ മാൻ പേടകളെപ്പോലെ വേഗതയുള്ളവരുമായ പുരുഷന്മാർ മരുഭൂമിയിലെ ദുർഗ്ഗത്തിൽ ദാവീദിനോടു ചേർന്നു; ദിനവൃത്താന്തം 1 12:8

സിംഹാസനത്തിന്നു ആറു പതനവും സിംഹാസനത്തോടു ചേർത്തുവെച്ച പൊന്നുകൊണ്ടുള്ള ഒരു പാദപീഠവും ഇരിപ്പിടത്തിന്റെ ഇരുവശത്തും കൈത്താങ്ങലുകളും കൈത്താങ്ങലുകൾക്കരികെ നില്ക്കുന്ന രണ്ടു സിംഹങ്ങളും ഉണ്ടായിരുന്നു. ആറു പതനങ്ങളിൽ ഇപ്പുറത്തും അപ്പുറത്തുമായി പന്ത്രണ്ടു സിംഹങ്ങൾ നിന്നിരുന്നു. ഒരു രാജ്യത്തും ഇതുപോലുള്ളത് ഉണ്ടാക്കിയിട്ടില്ല. 2 ദിനവൃത്താന്തം 9: 18-19

കവിത

സിംഹത്തിന്റെ ഗർജ്ജനവും ഘോരസിംഹത്തിന്റെ നാദവും ബാലസിംഹങ്ങളുടെ പല്ലുകളും തകർന്നുപോയി. സിംഹം ഇരയില്ലായ്കയാൽ നശിക്കുന്നു; പുഷ്ടിയുള്ള സിംഹിയുടെ കുട്ടികൾ ചിതറിപ്പോകുന്നു. ഇയ്യോബ് 4: 10-11

ഉഗ്രസിംഹത്തെപ്പോലെ നീ എന്നെ നായാടുന്നു; വീണ്ടും എന്റെമേൽ അത്ഭുതശക്തി കാണിക്കുന്നു. ഇയ്യോബ് 10:16

സിംഹക്കുട്ടികൾ അതിൽ ചവിട്ടിയിട്ടില്ല, ഘോരസിംഹം അതിലൂടെ നടന്നിട്ടുമില്ല. ഇയ്യോബ് 28:8

നീ സിംഹത്തിന്നു ഇര വേട്ടയാടുമോ? ബാലസിംഹങ്ങളുടെ വിശപ്പു തൃപ്തിപ്പെടുത്തുമോ? ഇയ്യോബ് 38:39

അവൻ സിംഹം എന്നപോലെ എന്നെ കീറിക്കളയരുതേ; വിടുവിപ്പാൻ ആരുമില്ലാതിരിക്കുമ്പോൾ എന്നെ ചീന്തിക്കളയരുതേ. സങ്കീർത്തനങ്ങൾ 7:2

സിംഹം ഗുഹയില് എന്നപോലെ അവന് മറവിടത്തില് പതുങ്ങുന്നു; എളിയവനെ പിടിപ്പാന് അവന് പതിയിരിക്കുന്നു; എളിയവനെ തന്റെ വലയില് ചാടിച്ചു പിടിക്കുന്നു. സങ്കീർത്തനങ്ങൾ 10:9

ഇരപിടിക്കാൻ കൊതിക്കുന്ന സിംഹത്തെപ്പോലെയും, മറവിടങ്ങളിൽ പതിയിരിക്കുന്ന ബാലസിംഹത്തെപ്പോലെയും തന്നേ. സങ്കീർത്തനങ്ങൾ 17:12

ബുഭുക്ഷയോടെ അലറുന്ന സിംഹംപോലെ അവർ എന്റെ നേരെ വായ് പിളർന്നു. സിംഹത്തിന്റെ വായില്നിന്നു എന്നെ രക്ഷിക്കേണമേ; കാട്ടുപോത്തുകളുടെ കൊമ്പുകള്ക്കിടയില് നീ എനിക്കു ഉത്തരമരുളുന്നു. സങ്കീർത്തനങ്ങൾ 22:13 ,21

ബാലസിംഹങ്ങളും ഇരകിട്ടാതെ വിശന്നിരിക്കും; യഹോവയെ അന്വേഷിക്കുന്നവർക്കോ ഒരു നന്മെക്കും കുറവില്ല. സങ്കീർത്തനങ്ങൾ 34:10

കർത്താവേ, നീ എത്രത്തോളം നോക്കിക്കൊണ്ടിരിക്കും? അവരുടെ നാശത്തിൽനിന്നു എന്റെ പ്രാണനെയും സിംഹങ്ങളുടെ വശത്തുനിന്നു എന്റെ പ്രിയനെയും രക്ഷിക്കേണമേ. സങ്കീർത്തനങ്ങൾ 35:17

എന്റെ പ്രാണൻ സിംഹങ്ങളുടെ ഇടയിൽ ഇരിക്കുന്നു; അഗ്നിജ്വലിക്കുന്നവരുടെ നടുവിൽ ഞാൻ കിടക്കുന്നു; പല്ലുകൾ കുന്തങ്ങളും അസ്ത്രങ്ങളും നാവു മൂർച്ചയുള്ള വാളും ആയിരിക്കുന്ന മനുഷ്യപുത്രന്മാരുടെ ഇടയിൽ തന്നേ. സങ്കീർത്തനങ്ങൾ 57:4

ദൈവമേ, അവരുടെ വായിലെ പല്ലുകളെ തകർക്കേണമേ; യഹോവേ, ബാലസിംഹങ്ങളുടെ അണപ്പല്ലുകളെ തകർത്തുകളയേണമേ. സങ്കീർത്തനങ്ങൾ 58:6

സിംഹത്തിന്മേലും അണലിമേലും നീ ചവിട്ടും; യുവസിംഹത്തെയും പെരുമ്പാമ്പിനെയും നീ മെതിച്ചുകളയും. സങ്കീർത്തനങ്ങൾ 91:13

ബാലസിംഹങ്ങൾ ഇരയ്ക്കായി അലറുന്നു; അവ ദൈവത്തോടു തങ്ങളുടെ ഭക്ഷണം ചോദിക്കുന്നു. സങ്കീർത്തനങ്ങൾ 104:21

രാജാവിന്റെ ക്രോധം സിംഹഗർജ്ജനത്തിന് തുല്യം; എന്നാൽ അവന്റെ പ്രസാദം പുല്ലിന്മേലുള്ള മഞ്ഞുപോലെയാണ്. സദൃശ്യവാക്യങ്ങൾ 19:12

രാജാവിന്റെ ഭയം സിംഹഗർജ്ജനം പോലെ; അവനെ കോപിപ്പിക്കുന്നവൻ തന്റെ സ്വന്ത പ്രാണനോടു പാപം ചെയ്യുന്നു. സദൃശ്യവാക്യങ്ങൾ 20:2

പുറത്തു സിംഹം ഉണ്ടു, വീഥിയിൽ എനിക്കു ജീവഹാനി വരും എന്നു മടിയൻ പറയുന്നു. സദൃശ്യവാക്യങ്ങൾ 22:13

വഴിയിൽ സിംഹം ഉണ്ടു, തെരുക്കളിൽ സിംഹം ഉണ്ടു എന്നു മടിയൻ പറയുന്നു. സദൃശ്യവാക്യങ്ങൾ 26:13

ആരും ഓടിക്കാതെ ദുഷ്ടന്മാർ ഓടിപ്പോകുന്നു; നീതിമാന്മാരോ സിംഹംപോലെ നിർഭയമായിരിക്കുന്നു. അഗതികളില് കര്ത്തൃത്വം നടത്തുന്ന ദുഷ്ടന് ഗര്ജ്ജിക്കുന്ന സിംഹത്തിന്നും ഇരതേടി നടക്കുന്ന കരടിക്കും തുല്യന് . സദൃശവാക്യങ്ങൾ 28:1 ,15

മൃഗങ്ങളിൽവെച്ചു ഏറ്റവും ശക്തിയുള്ളതും ഒന്നിനും വഴിമാറാത്തതുമായ സിംഹം; സദൃശ്യവാക്യങ്ങൾ 30:30

ജീവിച്ചിരിക്കുന്നവരുടെ കൂട്ടത്തിൽ ഉള്ളവന്നൊക്കെയും പ്രത്യാശയുണ്ടു; ചത്ത സിംഹത്തെക്കാൾ ജീവനുള്ള നായ് നല്ലതല്ലോ. സഭാപ്രസംഗി 9:4

കാന്തേ ലെബാനോനെ വിട്ടു എന്നോടുകൂടെ, ലെബാനോനെ വിട്ടു എന്നോടുകൂടെ വരിക; അമാനാമുകളിൽനിന്നും ശെനീർ ഹെർമ്മോൻ കൊടുമുടികളിൽനിന്നും സിംഹങ്ങളുടെ ഗുഹകളിൽനിന്നും പുള്ളിപ്പുലികളുടെ പർവ്വതങ്ങളിൽനിന്നും നോക്കുക. ഉത്തമ ഗീതം 4:8

പ്രവചനം

അവരുടെ ഗർജ്ജനം സിംഹത്തിന്റേതുപോലെ ആയിരിക്കും; അവർ ബാലസിംഹങ്ങളെപ്പോലെ ഗർജ്ജിക്കും; അവർ ഗർജ്ജിച്ചു ഇരയെ പിടിച്ചു കൊണ്ടുപോകും; ആരും വിടുവിക്കയുമില്ല. യെശയ്യാ 5:29

ചെന്നായ് കുഞ്ഞാടിനോടുകൂടെ പാർക്കും; പുള്ളിപ്പുലി കോലാട്ടുകുട്ടിയോടുകൂടെ കിടക്കും; പശുക്കിടാവും ബാലസിംഹവും തടിപ്പിച്ച മൃഗവും ഒരുമിച്ചു പാർക്കും; ഒരു ചെറിയ കുട്ടി അവയെ നടത്തും. പശുവും കരടിയും ഒരുമിച്ചു മേയും; അവയുടെ കുട്ടികൾ ഒരുമിച്ചു കിടക്കും; സിംഹം കാള എന്നപോലെ വൈക്കോൽ തിന്നും. യെശയ്യാവ് 11: 6-7

ദീമോനിലെ ജലാശയങ്ങൾ രക്തംകൊണ്ടു നിറഞ്ഞിരിക്കുന്നു; ഞാൻ ദീമോന്റെ മേൽ ഇതിലധികം വരുത്തും; മോവാബിൽനിന്നു ചാടിപ്പോയവരുടെമേലും ദേശത്തിൽ ശേഷിച്ചവരുടെമേലും ഞാൻ സിംഹങ്ങളെ വരുത്തും. യെശയ്യാ 15:9

അവൻ ഒരു സിംഹം പോലെ അലറി: കർത്താവേ, ഞാൻ പകൽ മുഴുവൻ എപ്പോഴും കാവൽ ഗോപുരത്തിന്മേൽ നില്ക്കുന്നു; രാത്രി മുഴുവനും ഞാൻ എന്റെ കാവലിൽ കാത്തുകൊണ്ടിരുന്നു. യെശയ്യാ 21:8

തെക്കെ ദേശത്തിലെ മൃഗങ്ങളുടെ പ്രവാചകം: സിംഹവും അണലിയും പറക്കുന്ന അഗ്നിസർപ്പവും വരുന്ന കഷ്ടവും സങ്കടവും ഉള്ള ദേശത്തേക്ക്, അവർ ഇളം കഴുതകളുടെ തോളിൽ തങ്ങളുടെ സമ്പത്തും ഒട്ടകങ്ങളുടെ കുലകളിൽ തങ്ങളുടെ നിക്ഷേപങ്ങളും കൊണ്ടുപോയി, തങ്ങൾക്ക്

പ്രയോജനമില്ലാത്ത ഒരു ജനതയുടെ അടുക്കൽ കൊണ്ടുപോകും. യെശയ്യാ 30:6

യഹോവ എന്നോടു ഇപ്രകാരം അരുളിച്ചെയ്തിരിക്കുന്നു: സിംഹവും ബാലസിംഹവും ഇരയെ നോക്കി അലറുന്നതുപോലെ, ഇടയന്മാരുടെ കൂട്ടം അവന്റെ നേരെ വിളിച്ചുവരുത്തുമ്പോൾ, അവൻ അവരുടെ ശബ്ദത്തിന്നു പേടിക്കയില്ല, അവരുടെ ആരവംകൊണ്ടു താഴ്ത്തുകയുമില്ല. സൈന്യങ്ങളുടെ യഹോവ സീയോൻ പർവ്വതത്തിന്നും അതിന്റെ കുന്നിന്നും വേണ്ടി യുദ്ധം ചെയ്‍വാൻ ഇറങ്ങിവരും. യെശയ്യാ 31:4

ഒരു സിംഹവും അവിടെ ഉണ്ടാകയില്ല; ഒരു ദുഷ്ടമൃഗവും അവിടെ കയറി വരികയില്ല; അതിനെ അവിടെ കാണുകയില്ല; വീണ്ടെടുക്കപ്പെട്ടവർ അവിടെ നടക്കും. യെശയ്യാ 35:9

രാവിലെവരെ ഞാൻ കരുതിയിരുന്നു; അവനോ സിംഹംപോലെ എന്റെ അസ്ഥികളെ എല്ലാം തകർത്തുകളയുന്നു; ഒരു രാപകൽ കഴിയുംമുമ്പെ നീ എനിക്കു അന്തം വരുത്തുന്നു. യെശയ്യാ 38:13

ചെന്നായും കുഞ്ഞാടും ഒരുമിച്ചു മേയും; സിംഹം കാള എന്നപോലെ വൈക്കോൽ തിന്നും; സർപ്പത്തിന്നു പൊടി ആഹാരമായിരിക്കും; എന്റെ വിശുദ്ധപർവ്വതത്തിൽ എങ്ങും അവ ഒരു ദോഷമോ നാശമോ ചെയ്കയില്ല എന്നു യഹോവ അരുളിച്ചെയ്യുന്നു. യെശയ്യാ 65:25

ബാലസിംഹങ്ങൾ അവന്റെ നേരെ അലറി നാദം കേൾപ്പിച്ചു അവന്റെ ദേശത്തെ ശൂന്യമാക്കി; അവന്റെ പട്ടണങ്ങൾ വെന്തു നിവാസികൾ ഇല്ലാതെയായിരിക്കുന്നു. ഞാൻ നിങ്ങളുടെ മക്കളെ അടിച്ചതു വ്യർത്ഥം; അവർക്കു ബുദ്ധി ലഭിച്ചില്ല; നശിപ്പിക്കുന്ന സിംഹത്തെപ്പോലെ നിങ്ങളുടെ വാൾ തന്നേ നിങ്ങളുടെ പ്രവാചകന്മാരെ തിന്നുകളഞ്ഞു. യിരെമ്യാവ് 2:15 ,30

സിംഹം പള്ളക്കാട്ടിൽ നിന്ന് കയറിവന്നിരിക്കുന്നു; ജാതികളുടെ സംഹാരകൻ വന്നിരിക്കുന്നു; നിന്റെ ദേശത്തെ ശൂന്യമാക്കുവാൻ അവൻ തന്റെ സ്ഥലം വിട്ടിരിക്കുന്നു; നിന്റെ പട്ടണങ്ങൾ നിവാസികൾ ഇല്ലാതെ ശൂന്യമായ്ക്കിടക്കും. യിരേമ്യാവു 4:7

അതുകൊണ്ടു കാട്ടിൽനിന്നു ഒരു സിംഹം വന്നു അവരെ കൊല്ലും; വൈകുന്നേരത്തെ ചെന്നായ് അവരെ കൊള്ളയടിക്കും; പുള്ളിപ്പുലി അവരുടെ പട്ടണങ്ങൾക്കെതിരെ പതിയിരിക്കും; അവിടെ നിന്നു പുറപ്പെട്ടുവരുന്ന ഏവനെയും പറിച്ചുകീറിക്കളയും; അവരുടെ അതിക്രമങ്ങൾ വളരെയല്ലോ; അവരുടെ പിന്മാറ്റങ്ങൾ പെരുകിയിരിക്കുന്നു. യിരേമ്യാവു 5:6

എന്റെ അവകാശം എനിക്കു കാട്ടിലെ സിംഹംപോലെ ആയിരിക്കുന്നു; അതു എന്റെ നേരെ നാദം കേൾപ്പിക്കുന്നു; അതുകൊണ്ടു ഞാൻ അതിനെ വെറുക്കുന്നു. യിരേമ്യാവു 12:8

പീഡകന്റെ ക്രോധവും ഉഗ്രകോപവും ഹേതുവായി അവരുടെ ദേശം ശൂന്യമായിരിക്കുന്നു; അവൻ ഒരു സിംഹംപോലെ തന്റെ മറവിടം ഉപേക്ഷിച്ചിരിക്കുന്നു. യിരേമ്യാവു 25:38

ഇതാ, യോർദ്ദാന്റെ വൻ കാട്ടിൽ നിന്ന് ഒരു സിംഹം എന്നപോലെ അവൻ ശക്തരുടെ മേച്ചിൽപ്പുറത്തേക്ക് കയറിവരും; എന്നാൽ ഞാൻ അവനെ പെട്ടെന്ന് അവളിൽ നിന്ന് ഓടിച്ചുകളയും; ഞാൻ അവളെ ഭരിക്കാൻ തിരഞ്ഞെടുക്കപ്പെട്ട പുരുഷൻ ആരാണ്? എനിക്ക് തുല്യൻ ആരാണ്? എനിക്ക് സമയം നിശ്ചയിക്കുന്നത് ആരാണ്? എന്റെ മുമ്പിൽ നിൽക്കാൻ പോകുന്ന ഇടയൻ ആരാണ്? യിരേമ്യാവു 49:19

യിസ്രായേൽ ചിതറിപ്പോയ ആടാകുന്നു; സിംഹങ്ങൾ അതിനെ ഓടിച്ചുകളഞ്ഞു; ആദ്യം അശ്ശൂർരാജാവു അതിനെ വിഴുങ്ങി; ഒടുവിൽ ബാബേൽ രാജാവായ നെബൂഖദ്നേസർ അതിന്റെ അസ്ഥികളെ ഒടിച്ചുകളഞ്ഞു. ഇതാ, യോർദ്ദാന്റെ വൻ കാട്ടിൽ നിന്ന് ഒരു സിംഹത്തെപ്പോലെ അവൻ ശക്തരുടെ മേച്ചിൽപ്പുറത്തേക്ക് കയറിവരും; എന്നാൽ ഞാൻ അവരെ പെട്ടെന്ന് അതിൽ നിന്ന് ഓടിച്ചുകളയും; ഞാൻ അവളെ ഭരിക്കാൻ തിരഞ്ഞെടുക്കപ്പെട്ട പുരുഷൻ ആരാണ്? എനിക്ക് തുല്യൻ ആരാണ്? എനിക്ക് സമയം നിശ്ചയിക്കുന്നത് ആരാണ്? എന്റെ മുമ്പിൽ നിൽക്കാൻ പോകുന്ന ഇടയൻ ആരാണ്? യിരെമ്യാവ് 50:17 ,44

അവർ ഒരുമിച്ച് സിംഹങ്ങളെപ്പോലെ ഗർജ്ജിക്കും; സിംഹക്കുട്ടികളെപ്പോലെ അലറും. യിരേമ്യാവു 51:38

അവൻ എനിക്കു പതിയിരിക്കുന്ന കരടിയെപ്പോലെയും മറഞ്ഞുനില്ക്കുന്ന സിംഹത്തെപ്പോലെയും ആയിരുന്നു. വിലാപങ്ങൾ 3:10

അവയുടെ മുഖരൂപമോ: നാലിന്നും മനുഷ്യമുഖവും വലത് ഭാഗത്ത് സിംഹമുഖവും ഉണ്ടായിരുന്നു; നാലിന്നും ഇടത് ഭാഗത്ത് കാളമുഖവും നാലിന്നും കഴുകന്റെ മുഖവും ഉണ്ടായിരുന്നു. യേഹേസ്കേൽ 1:10

ഓരോന്നിനും നന്നാലു മുഖങ്ങൾ ഉണ്ടായിരുന്നു; ഒന്നാമത്തെ മുഖം കെരൂബിന്റെ മുഖവും രണ്ടാമത്തെ മുഖം മനുഷ്യമുഖവും മൂന്നാമത്തേതു സിംഹമുഖവും നാലാമത്തേതു കഴുകന്റെ മുഖവും ആയിരുന്നു. യേഹേസ്കേൽ 10:14

അവൾ സിംഹങ്ങളുടെ ഇടയിൽ കിടന്നു തന്റെ കുട്ടികളെ ബാലസിംഹങ്ങളുടെ ഇടയിൽ വളർത്തി. അവൾ തന്റെ കുട്ടികളിൽ ഒന്നിനെ വളർത്തി; അത് ഒരു യുവസിംഹമായിത്തീർന്നു, ഇര പിടിക്കാൻ

ശീലിച്ചു, മനുഷ്യരെ വിഴുങ്ങിക്കളഞ്ഞു. എന്നാൽ അവൾ താൻ കാത്തിരുന്നു എന്നും തന്റെ പ്രത്യാശ നശിച്ചു എന്നും കണ്ടപ്പോൾ തന്റെ കുട്ടികളിൽ മറ്റൊന്നിനെ എടുത്തു ഒരു ബാലസിംഹമാക്കി. അവൻ സിംഹങ്ങളുടെ ഇടയിൽ സഞ്ചരിച്ചു, ഒരു യുവസിംഹമായിത്തീർന്നു, ഇര പിടിക്കാൻ ശീലിച്ചു, മനുഷ്യരെ തിന്നുകളഞ്ഞു. യെഹെസ്കേൽ 19:2 -3,5-6

അതിന്റെ നടുവിൽ അതിലെ പ്രവാചകന്മാരുടെ ഒരു ഗൂഢാലോചനയുണ്ട്; അലറി ഇര കടിച്ചുകീറുന്ന ഒരു സിംഹം പോലെ; അവർ ദേഹികളെ വിഴുങ്ങിക്കളയുന്നു; നിക്ഷേപങ്ങളെയും വിലയേറിയ വസ്തുക്കളെയും അപഹരിക്കുന്നു; അതിന്റെ നടുവിൽ അവർ അതിനെ വിധവമാരാക്കുന്നു. യേഹേസ്കേൽ 22:25

മനുഷ്യപുത്രാ, നീ മിസ്രയീംരാജാവായ ഫറവോനെക്കുറിച്ചു ഒരു വിലാപം തുടങ്ങി അവനോടു പറയേണ്ടതു: ജാതികളിൽ ഒരു ബാലസിംഹംപോലെ നീ ഇരിക്കുന്നു; കടലിലെ തിമിംഗലംപോലെയും ആകുന്നു; നീ നദികളോടുകൂടെ പുറപ്പെട്ടു കാൽകൊണ്ടു വെള്ളം കലക്കി നദികളെ അശുദ്ധമാക്കിക്കളഞ്ഞു. യേഹേസ്കേൽ 32:2

ശെബയും ദെദാനും തർശീശ് വ്യാപാരികളും അതിലെ സകല ബാലസിംഹങ്ങളും നിന്നോടു: നീ കൊള്ളയടിപ്പാൻ വന്നതാണോ? കൊള്ളയടിപ്പാൻ വന്നതാണോ? വെള്ളിയും പൊന്നും കൊണ്ടുപോകുവാനും കന്നുകാലികളെയും ധനത്തെയും കൊണ്ടുപോകുവാനും വലിയ കൊള്ളയടിപ്പാനും നീ നിന്റെ കൂട്ടത്തെ കൂട്ടിയിരിക്കുന്നതു എന്നു പറയും. യേഹേസ്കേൽ 38:13

ഒരു മനുഷ്യന്റെ മുഖം ഒരു വശത്തുള്ള ഈന്തപ്പനയുടെ നേരെയും ഒരു ബാലസിംഹത്തിന്റെ മുഖം മറുവശത്തുള്ള ഈന്തപ്പനയുടെ നേരെയും ആയിരുന്നു; ആലയത്തിന്റെ ചുറ്റും അതു ഉണ്ടാക്കിയിരുന്നു. യേഹേസ്കേൽ 41:19

രാജാവേ, മുപ്പതു ദിവസത്തേക്ക് തിരുമേനിയോടല്ലാതെ മറ്റേതെങ്കിലും ദൈവത്തോടോ മനുഷ്യനോടോ അപേക്ഷ ചോദിക്കുന്ന ഏതൊരാളെയും സിംഹങ്ങളുടെ ഗുഹയിൽ എറിയുമെന്ന് ഒരു രാജകീയ നിയമം സ്ഥാപിക്കാനും ഒരു സ്ഥിരമായ ഉത്തരവ് പുറപ്പെടുവിക്കാനും രാജ്യത്തിന്റെ എല്ലാ അധ്യക്ഷന്മാരും, ഗവർണർമാരും, പ്രഭുക്കന്മാരും, മന്ത്രിമാരും, പ്രഭുക്കന്മാരും കൂടി ആലോചിച്ചിരിക്കുന്നു. അപ്പോൾ അവർ രാജാവിന്റെ അടുക്കൽ ചെന്നു രാജാവിന്റെ കല്പനയെക്കുറിച്ചു സംസാരിച്ചു: രാജാവേ, മുപ്പതു ദിവസത്തിനുള്ളിൽ നിന്നോടല്ലാതെ യാതൊരു ദൈവത്തോടോ മനുഷ്യനോടോ അപേക്ഷ ചോദിക്കുന്ന ഏവനെയും സിംഹങ്ങളുടെ ഗുഹയിൽ ഇട്ടുകളയുമെന്ന് നീ ഒരു കല്പനയിൽ ഒപ്പിട്ടിട്ടില്ലയോ? രാജാവ് മറുപടി പറഞ്ഞു: മേദ്യരുടെയും പേർഷ്യക്കാരുടെയും നിയമപ്രകാരം ആ കാര്യം സത്യമാണ്, അതിന് മാറ്റമില്ല. അപ്പോൾ രാജാവ് കല്പിച്ചു, അവർ ദാനിയേലിനെ കൊണ്ടുവന്ന്

സിംഹങ്ങളുടെ ഗുഹയിൽ ഇട്ടുകളഞ്ഞു. രാജാവ് ദാനിയേലിനോട് സംസാരിച്ചു: നീ ഇടവിടാതെ സേവിക്കുന്ന നിന്റെ ദൈവം നിന്നെ രക്ഷിക്കും. രാജാവു അതികാലത്തു എഴുന്നേറ്റു ബദ്ധപ്പെട്ടു സിംഹഗുഹയുടെ അരികെ ചെന്നു. അവൻ ഗുഹയുടെ അരികെ എത്തിയപ്പോൾ ദുഃഖസ്വരത്തിൽ ദാനീയേലിനോട് നിലവിളിച്ചു. രാജാവ് ദാനീയേലിനോട്: ജീവനുള്ള ദൈവത്തിന്റെ ദാസനായ ദാനീയേലേ, നീ ഇടവിടാതെ സേവിച്ചുവരുന്ന നിന്റെ ദൈവം സിംഹങ്ങളിൽനിന്നു നിന്നെ രക്ഷിക്കുമോ എന്നു ചോദിച്ചു. എന്റെ ദൈവം തന്റെ ദൂതനെ അയച്ചു സിംഹങ്ങൾ എനിക്കു കേടുവരുത്താതിരിക്കേണ്ടതിന്നു അവയുടെ വായടെച്ചുകളഞ്ഞു; അവന്റെ മുമ്പാകെ ഞാൻ കുറ്റമില്ലാത്തവൻ ആയിരുന്നു; രാജാവേ, തിരുമുമ്പിലും ഞാൻ ഒരു ദോഷവും ചെയ്തിട്ടില്ല. പിന്നെ രാജാവിന്റെ കല്പനപ്രകാരം, ദാനിയേലിനെ കുറ്റം ചുമത്തിയവരെ കൊണ്ടുവന്നു, അവരെയും മക്കളെയും ഭാര്യമാരെയും സിംഹങ്ങളുടെ ഗുഹയിൽ ഇട്ടുകളഞ്ഞു; സിംഹങ്ങൾ അവരെ കീഴടക്കി, ഗുഹയുടെ അടിയിൽ എത്തുന്നതിനു മുമ്പുതന്നെ അവരുടെ അസ്ഥികളെല്ലാം തകർത്തുകളഞ്ഞു. അവൻ രക്ഷിക്കുകയും രക്ഷിക്കുകയും ചെയ്യുന്നു, അവൻ സ്വർഗ്ഗത്തിലും ഭൂമിയിലും അടയാളങ്ങളും അത്ഭുതങ്ങളും പ്രവർത്തിക്കുന്നു, അവൻ ദാനിയേലിനെ സിംഹങ്ങളുടെ ബലിയിൽ നിന്ന് വിടുവിച്ചു. ദാനിയേൽ 6:7 ,12,16,19-20,22,24,27

ഒന്നാമത്തേത് സിംഹത്തെപ്പോലെയും കഴുകന്റെ ചിറകുകളുള്ളതുമായിരുന്നു; ഞാൻ നോക്കിക്കൊണ്ടിരിക്കെ അതിന്റെ ചിറകുകൾ പറിഞ്ഞുപോയി; അതിനെ നിലത്തുനിന്നു പൊക്കി, മനുഷ്യനെപ്പോലെ നിവർത്തുനിർത്തി, അതിന്നു പുരുഷഹൃദയം കൊടുത്തു. ദാനീയേൽ 7:4

ഞാൻ എഫ്രയീമിന്നു ഒരു സിംഹംപോലെയും യെഹൂദാഗൃഹത്തിന്നു ഒരു ബാലസിംഹംപോലെയും ഇരിക്കും; ഞാൻ തന്നേ കടിച്ചുകീറി പൊയ്ക്കളയും; ഞാൻ പിടിച്ചു കൊണ്ടുപോകും; ആരും വിടുവിക്കയുമില്ല. ഹോശേയ 5:14

അവർ യഹോവയുടെ പിന്നാലെ നടക്കും; അവൻ സിംഹംപോലെ ഗർജ്ജിക്കും; അവൻ ഗർജ്ജിക്കുമ്പോൾ പടിഞ്ഞാറുനിന്നു മക്കൾ വിറെക്കും. ഹോശേയ 11:10

ആകയാൽ ഞാൻ അവർക്കു ഒരു സിംഹത്തെപ്പോലെ ഇരിക്കും; വഴിയരികെ പുള്ളിപ്പുലിയെപ്പോലെ ഞാൻ അവരെ പതുങ്ങിക്കിടക്കും; കുട്ടികൾ പൊയ്പ്പോയ കരടിയെപ്പോലെ ഞാൻ അവരെ നേരിടും; അവരുടെ ഹൃദയത്തിന്റെ നെയ്തെടുത്തലുകളെ ഞാൻ കീറിമുറിക്കും; അവിടെവെച്ചു ഞാൻ അവരെ ഒരു സിംഹംപോലെ തിന്നുകളയും; കാട്ടുമൃഗം അവരെ കടിച്ചുകീറും. ഹോശേയ 13:7 -8

ശക്തിയുള്ളതും സംഖ്യയില്ലാത്തതുമായോരു ജാതി എന്റെ ദേശത്തിന്റെ നേരെ വന്നിരിക്കുന്നു; അതിന്റെ പല്ലു സിംഹത്തിന്റെ പല്ലു; അതിസിംഹത്തിന്റെ കവിൾത്തടങ്ങൾ അതിന്നുണ്ടു. യോവേൽ 1:6

ഇരയില്ലാതിരിക്കുമ്പോൾ കാട്ടിൽ സിംഹം ഗർജ്ജിക്കുമോ? ഒന്നും പിടിച്ചിട്ടല്ലാതെ യുവസിംഹം ഗുഹയിൽനിന്നു ഒച്ച പുറപ്പെടുമോ? സിംഹം ഗർജ്ജിച്ചിരിക്കുന്നു, ആർ ഭയപ്പെടാതിരിക്കും? യഹോവയായ കർത്താവു അരുളിച്ചെയ്തിരിക്കുന്നു, ആർ പ്രവചിക്കാതിരിക്കും? യഹോവ അരുളിച്ചെയ്യുന്നു: ഇടയൻ സിംഹത്തിന്റെ വായിൽനിന്നു രണ്ടു കാലോ ഒരു കാതിന്റെ ഒരു കഷണമോ പുറത്തെടുക്കുന്നതുപോലെ, ശമര്യയിൽ കിടക്കയുടെ കോണിലും ദമ്മേശെക്കിൽ കിടക്കയിലും വസിക്കുന്ന യിസ്രായേൽമക്കൾ വിടുവിക്കപ്പെടും. ആമോസ് 3:4 ,8,12

അത് ഒരുത്തൻ സിംഹത്തിന്റെ മുമ്പിൽനിന്നു ഓടിപ്പോയിട്ടു കരടി അവന്നു എതിർപ്പെടുകയോ വീട്ടിൽ ചെന്നു കൈവെച്ചു ചുമരിൽ ചാരിവെച്ചു; സർപ്പം അവനെ കടിക്കയോ ചെയ്യുന്നതുപോലെ ആകുന്നു. ആമോസ് 5:19

യാക്കോബിൽ ശേഷിപ്പുള്ളവർ ജാതികളുടെ ഇടയിൽ, അനേകവംശങ്ങളുടെ ഇടയിൽ, കാട്ടുമൃഗങ്ങളിൽ ഒരു സിംഹംപോലെയും, ആട്ടിൻ കൂട്ടങ്ങളിൽ ഒരു ബാലസിംഹംപോലെയും ആകും; അതു അകത്തു കടന്നാൽ ചവിട്ടി കടിച്ചുകീറിക്കളയും; ആരും വിടുവിപ്പാൻ കഴിയുകയില്ല. മീഖാ 5:8

ആരും ഭയപ്പെടുത്താതെ സിംഹവും വൃദ്ധസിംഹവും നടന്നുപോയ, ബാലസിംഹങ്ങളുടെ മേച്ചിൽപ്പുറവും സിംഹങ്ങളുടെ മേച്ചിൽപ്പുറവും എവിടെ? "സിംഹം തന്റെ കുട്ടികൾക്കു വേണ്ടി മതിയാകുവോളം കടിച്ചുകീറി, സിംഹികൾക്കു വേണ്ടി ശ്വാസം മുട്ടിച്ചു, ഇരകൊണ്ടു തന്റെ ഗുഹകളെയും കാട്ടുമൃഗങ്ങളെക്കൊണ്ടു തന്റെ മാളങ്ങളെയും നിറച്ചു." ഇതാ, ഞാൻ നിന്റെ നേരെ വരും; ഞാൻ അവളുടെ രഥങ്ങളെ ചുട്ടുപുകയാക്കും; നിന്റെ ബാലസിംഹങ്ങളെ വാൾ തിന്നുകളയും; ഞാൻ നിന്റെ ഇരയെ ഭൂമിയിൽ നിന്നു ഛേദിച്ചുകളയും; നിന്റെ ദൂതന്മാരുടെ ശബ്ദം ഇനി കേൾക്കയുമില്ല എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു. നഹൂം 2: 11-13

അതിന്നകത്തു അതിന്റെ പ്രഭുക്കന്മാർ ഗർജ്ജിക്കുന്ന സിംഹങ്ങൾ; അതിന്റെ ന്യായാധിപന്മാർ വൈകുന്നേരത്തെ ചെന്നായ്ക്കൾ; അവർ പ്രഭാതംവരെ അസ്ഥികളെ കടിച്ചുകീറുന്നില്ല. സെഫന്യാവു 3:3

ഇടയന്മാരുടെ മഹത്വം നശിച്ചിട്ടു അവർ മുറയിടുന്നതു കേൾക്കുന്നു; ബാലസിംഹങ്ങളുടെ ഗർജ്ജനം കേൾക്കുന്നു; യോർദ്ദാന്റെ ഗർവ്വം നശിച്ചിട്ടുണ്ടു. സെഖർയ്യാവു 11:3

പുതിയ നിയമം

എങ്കിലും കർത്താവോ എനിക്കു തുണനിന്നു പ്രസംഗം എന്നെക്കൊണ്ടു നിവർത്തിപ്പാനും സകല ജാതികളും കേൾപ്പാനും എന്നെ ശക്തീകരിച്ചു; അങ്ങനെ ഞാൻ സിംഹത്തിന്റെ വായിൽനിന്നു രക്ഷ പ്രാപിച്ചു. തിമൊഥെയൊസ് 2 4:17

വിശ്വാസത്താൽ അവർ രാജ്യങ്ങളെ അടക്കി, നീതി നടത്തി, വാഗ്ദത്തങ്ങൾ പ്രാപിച്ചു, സിംഹങ്ങളുടെ വായ് അടച്ചു, എബ്രായർ 11:33

നിർമ്മദരായിരിപ്പിൻ; ഉണർന്നിരിപ്പിൻ; നിങ്ങളുടെ പ്രതിയോഗിയായ പിശാചു അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരിഞ്ഞു ചുറ്റിനടക്കുന്നു. പത്രൊസ് 1 5:8

ഒന്നാം ജീവി സിംഹത്തെപ്പോലെയും രണ്ടാം ജീവി കാളക്കുട്ടിയെപ്പോലെയും മൂന്നാം ജീവി മനുഷ്യനെപ്പോലെ മുഖമുള്ളതും നാലാം ജീവി പറക്കുന്ന കഴുകനെപ്പോലെയും ആയിരുന്നു. വെളിപ്പാടു 4:7

അപ്പോൾ മൂപ്പന്മാരിൽ ഒരുത്തൻ എന്നോടു: കരയേണ്ട; ഇതാ, യൂദാഗോത്രത്തിലെ സിംഹവും ദാവീദിന്റെ വേരുമായവൻ പുസ്തകം തുറപ്പാനും അതിന്റെ ഏഴുമുദ്രകളും പൊട്ടിപ്പാനും ജയം പ്രാപിച്ചിരിക്കുന്നു എന്നു പറഞ്ഞു. വെളിപ്പാട് 5:5

സ്ത്രീകളുടെ മുടിപോലെ അതിന്നു മുടി ഉണ്ടായിരുന്നു; പല്ലു സിംഹങ്ങളുടെ പല്ലുപോലെ ആയിരുന്നു. ഞാൻ കുതിരകളെയും അവയുടെ പുറത്തു ഇരിക്കുന്നവരെയും ദർശനത്തിൽ കണ്ടതു എങ്ങനെയെന്നാൽ: അവർക്കു തീയും രക്തനീലവും ഗന്ധകവും കൊണ്ടുള്ള കവചങ്ങൾ ഉണ്ടായിരുന്നു; കുതിരകളുടെ തലകൾ സിംഹങ്ങളുടെ തലകൾപോലെ ആയിരുന്നു; അവയുടെ വായിൽ നിന്നു തീയും പുകയും ഗന്ധകവും പുറപ്പെട്ടു. വെളിപ്പാട് 9: 8,17

സിംഹം ഗർജ്ജിക്കുന്നതുപോലെ അത്യുച്ചത്തിൽ ആർത്തു; ആർത്തപ്പോൾ ഏഴു ഇടിയും നാദം മുഴക്കി. വെളിപ്പാട് 10:3

ഞാന് കണ്ട മൃഗം പുള്ളിപ്പുലിയെപ്പോലെയും അതിന്റെ കാല് കരടിയുടെ കാല്പോലെയും വായ് സിംഹത്തിന്റെ വായ് പോലെയും ആയിരുന്നു. അതിന്നു മഹാസര്പ്പം തന്റെ ശക്തിയും സിംഹാസനവും വലിയ അധികാരവും കൊടുത്തു. വെളിപ്പാടു 13:2

അപ്പോക്രിഫ

സിംഹത്തെ നോക്കി ഇരുട്ടിൽ നടക്കുന്നു; അവൻ മോഷ്ടിക്കുകയും, കൊള്ളയടിക്കുകയും, കൊള്ളയടിക്കുകയും ചെയ്യുമ്പോൾ, അവൻ അതിനെ തന്റെ സ്നേഹത്തിലേക്ക് കൊണ്ടുവരുന്നു. 1 എസ്രാ 4:24

പിന്നെ ഞാന് നോക്കിയപ്പോള്, അലറുന്ന ഒരു സിംഹം പോലെ കാട്ടില് നിന്ന് ഓടിച്ചുകളയുന്നത് കണ്ടു; അതു കഴുകനോടു ഒരു മനുഷ്യസ്വരത്തെ പുറപ്പെടുവിച്ചു പറഞ്ഞതു ഞാന് കണ്ടു. 2 എസ്രാ 11:37

സിംഹം കഴുകനോട് ഈ വാക്കുകൾ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ, ഞാൻ കണ്ടു, കാട്ടിൽ നിന്ന് കയറിവന്ന് അലറുന്നതും കഴുകനോട് സംസാരിക്കുന്നതും നീ കേട്ട എല്ലാ വാക്കുകളാലും അവളുടെ അനീതിക്ക് അവളെ ശാസിക്കുന്നതും നീ കണ്ട സിംഹം; 2 എസ്രാ 12:1 ,31

കാട്ടിലെ വിശന്നുവലഞ്ഞ സിംഹത്തെ ആരെങ്കിലും ഓടിച്ചുകളയുമോ? അല്ലെങ്കിൽ, കത്തിയമരാൻ തുടങ്ങിയിരിക്കുന്ന തീ കെടുത്തിക്കളയാൻ ആർക്കെങ്കിലും കഴിയുമോ? 2 എസ്രാ 16:6

സിംഹത്തിന്റെ മുമ്പാകെ എന്റെ വായിൽ വാചാലമായ വാക്ക് പറയേണമേ; നമ്മോടു പോരാടുന്നവനെ വെറുക്കാൻ അവന്റെ ഹൃദയത്തെ തിരിച്ചുവിടേണമേ; അങ്ങനെ അവന്റെയും അവനോട് തുല്യചിത്തരായ എല്ലാവരുടെയും അവസാനം വരും. എസ്ഥേർ 14:13 ലേക്കുള്ള കൂട്ടിച്ചേർക്കലുകൾ

രൂപമില്ലാത്ത ദ്രവ്യ ലോകത്തെ സൃഷ്ടിച്ച നിന്റെ സർവ്വശക്തനായ കൈ, അവരുടെ ഇടയിൽ ഒരു കൂട്ടം കരടികളെയോ ഉഗ്രമായ സിംഹങ്ങളെയോ അയയ്ക്കാൻ ഒരു മാർഗവും ആഗ്രഹിച്ചില്ല, ശലോമോന്റെ ജ്ഞാനം 11:17

നിന്റെ വീട്ടിൽ ഒരു സിംഹത്തെപ്പോലെ ഇരിക്കരുത്; നിന്റെ ഭൃത്യന്മാരുടെ മദ്ധ്യേ നീ ഭ്രാന്തനായിരിക്കരുത്. സഭാപ്രസംഗി 4:30

മരുഭൂമിയില് കാട്ടുകഴുത സിംഹത്തിന്നു ഇരയായ്തീരും; ധനവാന് ദരിദ്രരെ തിന്നുകളയുന്നു. സഭാപ്രസംഗി 13:19

ഒരു സർപ്പത്തിന്റെ മുഖത്ത് നിന്ന് എന്നപോലെ പാപത്തിൽ നിന്ന് ഓടിപ്പോകുക; കാരണം നിങ്ങൾ അതിനടുത്തെത്തിയാൽ അത് നിങ്ങളെ കടിക്കും: അതിന്റെ പല്ലുകൾ സിംഹത്തിന്റെ പല്ലുകൾ പോലെയാണ്, അത് മനുഷ്യരുടെ ആത്മാക്കളെ കൊല്ലുന്നു. സഭാപ്രസംഗി 21:2

ദുഷ്ടയായ ഒരു സ്ത്രീയോടുകൂടെ പാർക്കുന്നതിനേക്കാൾ സിംഹത്തോടും വ്യാളിയോടും കൂടെ പാർക്കുന്നതാണ് എനിക്ക് ഇഷ്ടം. സഭാപ്രസംഗി 25:16

സിംഹം ഇരയെ പതിയിരിക്കുന്നതുപോലെ ദുഷ്ടത പ്രവർത്തിക്കുന്നവർക്കു പാപം. അഹങ്കാരികളിൽ നിന്ന് പരിഹാസവും നിന്ദയും വരുന്നു; എന്നാൽ പ്രതികാരം ഒരു സിംഹത്തെപ്പോലെ അവർക്കുവേണ്ടി പതിയിരിക്കും. സഭാപ്രസംഗി 27:10 ,28

യഹോവയെ ഉപേക്ഷിക്കുന്നവർ അതിൽ വീഴും; അത് അവരുടെ ഉള്ളിൽ കത്തിയെരിയും, കെട്ടുപോകയില്ല; സിംഹത്തെപ്പോലെ അത് അവരുടെ നേരെ അയയ്ക്കപ്പെടും; പുള്ളിപ്പുലിയെപ്പോലെ അവരെ തിന്നുകളയും. സഭാപ്രസംഗി 28:23

അവൻ കുട്ടികളോടെന്നപോലെ സിംഹങ്ങളോടും കളിച്ചു, കുഞ്ഞാടുകളോടെന്നപോലെ കരടികളോടും കളിച്ചു. സഭാപ്രസംഗി 47:3

അവൻ ആറു ദിവസം അവിടെ കിടന്നു. ആ ഗുഹയിൽ ഏഴു സിംഹങ്ങൾ ഉണ്ടായിരുന്നു; അവ അവയ്ക്ക് ദിവസവും രണ്ട് ശവങ്ങളും രണ്ട് ആടുകളും കൊടുത്തിരുന്നു; ദാനിയേലിനെ വിഴുങ്ങേണ്ടതിന് അവയെ പിന്നീട് അവയ്ക്ക് കൊടുത്തില്ല. എന്നാൽ കർത്താവിന്റെ ദൂതൻ ഹബ്ബാക്കൂക്കിനോട്: “നീ കൊണ്ടുവന്ന അത്താഴം ബാബിലോണിലേക്ക് കൊണ്ടുപോയി സിംഹക്കുഴിയിലുള്ള ദാനിയേലിന് കൊണ്ടുപോകുക” എന്നു പറഞ്ഞു. ബെലും ഡ്രാഗണും 1:31 -32,34

ദാനിയേൽ തന്റെ നിഷ്കളങ്കത നിമിത്തം സിംഹങ്ങളുടെ വായിൽനിന്നു രക്ഷിക്കപ്പെട്ടു. 1 മക്കബീസ് 2:60

പ്രവൃത്തികളിൽ അവൻ ഒരു സിംഹത്തെപ്പോലെയും ഇരയ്ക്കുവേണ്ടി അലറുന്ന ഒരു സിംഹക്കുട്ടിയെപ്പോലെയും ആയിരുന്നു. 1 മക്കബായർ 3:4

ശത്രുക്കളുടെ നേരെ സിംഹങ്ങളെപ്പോലെ ആക്രമണം അഴിച്ചുവിട്ടു, അവർ പതിനൊന്നായിരം കാലാൾപ്പടയാളികളെയും ആയിരത്തി അറുനൂറു കുതിരപ്പടയാളികളെയും കൊന്നു, മറ്റുള്ളവരെയെല്ലാം ഓടിച്ചുകളഞ്ഞു. 2 മക്കബായർ 11:11

ഹാനോക്ക്, യാഷേ ർ, ജൂബിലികൾ

ആ നാളുകളിൽ ദൂതന്മാർ മടങ്ങിവന്ന്, കിഴക്കോട്ട് പാർത്തിയക്കാരുടെയും മേദ്യരുടെയും മേൽ ചാടിവീഴും. അവർ രാജാക്കന്മാരെ ഇളക്കിവിടും, അങ്ങനെ അവരുടെ മേൽ ഒരു അശാന്തിയുടെ ആത്മാവ് വരും, അവർ അവരെ സിംഹാസനങ്ങളിൽ നിന്ന് എഴുന്നേൽപ്പിക്കും, അവർ ഗുഹകളിൽ നിന്ന് സിംഹങ്ങളെപ്പോലെയും, ആട്ടിൻകൂട്ടത്തിൽ വിശന്നുവലഞ്ഞ ചെന്നായ്ക്കളെപ്പോലെയും പൊട്ടിത്തെറിക്കും. എനോക്ക് 56:5

അവർ കാട്ടുമൃഗങ്ങളെയും പക്ഷികളെയും ജനിപ്പിക്കാൻ തുടങ്ങി, അങ്ങനെ വ്യത്യസ്ത വംശങ്ങൾ ഉയർന്നുവന്നു: സിംഹങ്ങൾ, കടുവകൾ,

ചെന്നായ്ക്കൾ, നായ്ക്കൾ, കഴുതപ്പുലികൾ, കാട്ടുപന്നികൾ, കുറുക്കന്മാർ, അണ്ണാൻ, പന്നികൾ, പരുന്തുകൾ, കഴുകന്മാർ, പട്ടികൾ, കഴുകന്മാർ, കാക്കകൾ; അവയിൽ നിന്ന് ഒരു വെളുത്ത കാള ജനിച്ചു. അവൻ അവയെ സിംഹങ്ങളുടെയും കടുവകളുടെയും ചെന്നായ്ക്കളുടെയും കഴുതപ്പുലികളുടെയും കൈകളിലും കുറുക്കന്മാരുടെയും കൈകളിലും എല്ലാ കാട്ടുമൃഗങ്ങളുടെയും കൈകളിലും ഏൽപ്പിച്ചു, ആ കാട്ടുമൃഗങ്ങൾ ആ ആടുകളെ കീറിമുറിക്കാൻ തുടങ്ങി. അവൻ അവരുടെ വീടും ഗോപുരവും ഉപേക്ഷിച്ച് അവയെയെല്ലാം സിംഹങ്ങളുടെ കൈകളിൽ ഏൽപ്പിച്ചു, അവയെ എല്ലാ കാട്ടുമൃഗങ്ങളുടെയും കൈകളിൽ ഏൽപ്പിച്ചു. ആ ഇടയന്മാർ അവരുടെ സമയത്ത് മേഞ്ഞുനടക്കുന്നതുവരെ ഞാൻ കണ്ടു, അവർ നിർദ്ദേശിച്ചതിലും കൂടുതൽ കൊല്ലാനും നശിപ്പിക്കാനും തുടങ്ങി, അവർ ആ ആടുകളെ സിംഹങ്ങളുടെ കൈകളിൽ ഏൽപ്പിച്ചു. സിംഹങ്ങളും കടുവകളും ആ ആടുകളുടെ ഭൂരിഭാഗവും തിന്നുകയും തിന്നുകയും ചെയ്തു, കാട്ടുപന്നികൾ അവയോടൊപ്പം തിന്നുകയും ചെയ്തു; അവർ ആ ഗോപുരം കത്തിക്കുകയും ആ വീട് തകർക്കുകയും ചെയ്തു. ഹാനോക്ക് 89:10,55-56,65-66

അപ്പോൾ ഒരു സിംഹി വന്നു, അതിലെ രണ്ടു കുട്ടികളുമായി ആണും പെണ്ണുമായി, മൂന്നു കുട്ടികളും നോഹയുടെ മുമ്പിൽ കുനിഞ്ഞുനിന്നു; രണ്ടു കുട്ടികൾ സിംഹിയുടെ നേരെ എഴുന്നേറ്റു അവളെ അടിച്ചു, അവളെ അവളുടെ സ്ഥലം വിട്ടു ഓടിച്ചുകളഞ്ഞു; അവൾ പോയി; അവർ തങ്ങളുടെ സ്ഥലങ്ങളിലേക്കു മടങ്ങിപ്പോയി നോഹയുടെ മുമ്പിൽ നിലത്തു പതുങ്ങിനിന്നു. സിംഹി ഓടിപ്പോയി സിംഹങ്ങളുടെ സ്ഥലത്തു നിന്നു. യാശേർ 6:5-6

പെട്ടകത്തിലുള്ള സകല ജീവജാലങ്ങളും ഭയന്നുവിറച്ചു, സിംഹങ്ങൾ ഗർജ്ജിച്ചു, കാളകൾ മുറവിളികൂട്ടി, ചെന്നായ്ക്കൾ ഓരിയിടാൻ തുടങ്ങി. പെട്ടകത്തിലുള്ള സകല ജീവജാലങ്ങളും അവരവരുടെ ഭാഷയിൽ സംസാരിക്കുകയും വിലപിക്കുകയും ചെയ്തു. അങ്ങനെ അവയുടെ ശബ്ദം വളരെ ദൂരെ വരെ എത്തി. നോഹയും പുത്രന്മാരും തങ്ങളുടെ കഷ്ടതകളിൽ കരഞ്ഞു കരഞ്ഞു; മരണത്തിന്റെ വാതിലുകളിൽ എത്തിയിരിക്കുന്നു എന്ന് അവർ വളരെ ഭയപ്പെട്ടു. (യാശേർ 6:30)

അർബേലാൻ നിവാസികൾ യാക്കോബിന്റെ പുത്രന്മാരുടെ ആർപ്പുവിളിയുടെ ഘോഷം കേട്ടു; സിംഹങ്ങളുടെ ആരവംപോലെയും കടലിന്റെയും അതിലെ തിരമാലകളുടെയും ഗർജ്ജനം പോലെയും അവരുടെ ഗർജ്ജനം കേട്ടു. (യാശേർ 39:7)

അവർ ഓടിപ്പോയപ്പോൾ യെഹൂദയും സഹോദരന്മാരും ഫറവോന്റെ അരമന വരെ അവരെ പിന്തുടർന്നു; എല്ലാവരും രക്ഷപ്പെട്ടു; യെഹൂദാ വീണ്ടും യോസേഫിന്റെ മുമ്പിൽ ഇരുന്നു ഒരു സിംഹത്തെപ്പോലെ അവന്റെ നേരെ അലറി, അവന്റെ നേരെ വലുതും വലുതുമായ ഒരു അലർച്ച പുറപ്പെടുവിച്ചു. (യാശേർ 54:46)

രാജാവും പ്രഭുക്കന്മാരും സകല യോദ്ധാക്കളും മോശെയെ സ്നേഹിച്ചു; അവൻ മഹാനും യോഗ്യനുമായിരുന്നു; അവന്റെ ആകാരരൂപം ഒരു മാന്യസിംഹത്തെപ്പോലെയും അവന്റെ മുഖം സൂര്യനെപ്പോലെയും അവന്റെ ശക്തി സിംഹത്തിന്റെ ശക്തിയെപ്പോലെയും ആയിരുന്നു; അവൻ രാജാവിന് ഉപദേഷ്ടാവായിരുന്നു. യാശേർ 72:24

രാജാവിന്റെ പടിവാതിൽക്കൽ എത്തിയപ്പോൾ, രണ്ട് യുവ സിംഹങ്ങളെ അവിടെ ഇരുമ്പു ഉപകരണങ്ങൾ ഉപയോഗിച്ച് ബന്ധിച്ചിരുന്നു. രാജാവ് കൽപ്പിച്ചവർ മാത്രമേ അവരുടെ മുമ്പിൽ നിന്ന് ആരും പുറത്തു വരികയോ അകത്തു വരികയോ ചെയ്യുള്ളൂ. മന്ത്രവാദികൾ വന്ന് മന്ത്രവാദം നടത്തി സിംഹങ്ങളെ പിൻവലിച്ചു. ഇത് അവരെ രാജാവിന്റെ അടുക്കൽ എത്തിച്ചു. മോശെ തിടുക്കത്തിൽ സിംഹങ്ങളുടെ മേൽ വടി ഉയർത്തി, അവൻ അവയെ അഴിച്ചുവിട്ടു. മോശയും അഹരോനും രാജാവിന്റെ കൊട്ടാരത്തിൽ പ്രവേശിച്ചു. സിംഹങ്ങളും സന്തോഷത്തോടെ അവരോടൊപ്പം വന്നു, വയലിൽ നിന്ന് വരുമ്പോൾ ഒരു നായ തന്റെ യജമാനനിൽ സന്തോഷിക്കുന്നതുപോലെ അവർ അവരെ പിന്തുടർന്നു. മോശയും സഹോദരൻ അഹരോനും തന്നോട് പറഞ്ഞ എല്ലാ വാക്കുകളും രാജാവ് അവരോട് പറഞ്ഞു. മന്ത്രവാദികൾ രാജാവിനോട് പറഞ്ഞു, “എന്നാൽ കവാടത്തിൽ ബന്ധിക്കപ്പെട്ടിരുന്ന സിംഹങ്ങൾ കാരണം ആ മനുഷ്യർ നിങ്ങളുടെ അടുക്കൽ എങ്ങനെ വന്നു?” രാജാവ് പറഞ്ഞു, “അവർ സിംഹങ്ങളുടെ നേരെ വടി ഉയർത്തി അവയെ അഴിച്ചുവിട്ടു, എന്റെ അടുക്കൽ വന്നു, ഒരു നായ തന്റെ യജമാനനെ കാണാൻ സന്തോഷിക്കുന്നതുപോലെ സിംഹങ്ങളും അവരെ നോക്കി സന്തോഷിച്ചു.” യാഷേർ 79:21-23,28-29

വെളിയിൽ കണ്ട മനുഷ്യരും മൃഗങ്ങളും അഗ്നിജ്വാലകൊണ്ടും കൻമഴകൊണ്ടും നശിച്ചു, ബാലസിംഹങ്ങളെല്ലാം ക്ഷീണിച്ചു. യാശേർ 80:32

സിംഹം കാളയുടെ കൂട്ടുകാരനായി അവനോട് സമാധാനത്തിലായാൽ, അതും അതും ഒരേ നുകത്തിൽ ബന്ധിക്കപ്പെട്ട് അവനോട് ഉഴുതാൽ, ഞാൻ നിന്നോട് സമാധാനത്തിലാകും. ജൂബിലി 37:22

ബൈബിളിലെ നഷ്ടപ്പെട്ട പുസ്തകങ്ങൾ

ഒടുവിൽ, മൃഗങ്ങളെ പുറത്തുകൊണ്ടുവന്ന് കാണിക്കേണ്ട ഒരു ദിവസം വന്നു; തെക്ലയെ ആംഫി തിയേറ്ററിലേക്ക് കൊണ്ടുവന്ന്, ഒരു ഗുഹയിൽ, ഒരു അതിക്രൂര സിംഹം അവിടെ ഉണ്ടായിരുന്നു, അവിടെ, നിരവധി കാണികളുടെ സാന്നിധ്യത്തിൽ. ട്രിഫിന, യാതൊരു അത്ഭുതവുമില്ലാതെ, തെക്ലയോടൊപ്പം പോയി, പെൺസിംഹം തെക്ലയുടെ കാലുകൾ നക്കി. അവളുടെ കുറ്റകൃത്യത്തെ സൂചിപ്പിക്കുന്ന തലക്കെട്ട്, "സാക്രിലേജ്" എന്നായിരുന്നു. അപ്പോൾ ആ സ്ത്രീ നിലവിളിച്ചു, "ദൈവമേ, ഈ

നഗരത്തിലെ ന്യായവിധികൾ നീതിരഹിതമാണ്." പൗലോസിന്റെയും തെക്ലയുടെയും പ്രവൃത്തികൾ 8:3-4

പിന്നെ തെക്ലയെ ട്രിഫിനയുടെ കൈയിൽ നിന്ന് പിടിച്ചുമാറ്റി, നഗ്നയാക്കി, ഒരു കച്ച കെട്ടി, മൃഗങ്ങളുമായി യുദ്ധം ചെയ്യാൻ നിശ്ചയിച്ച സ്ഥലത്തേക്ക് എറിഞ്ഞു; സിംഹങ്ങളെയും കരടികളെയും അവളുടെ മേൽ അഴിച്ചുവിട്ടു. എന്നാൽ ഏറ്റവും ക്രൂരമായ ഒരു പെൺസിംഹം തെക്ലയുടെ അടുത്തേക്ക് ഓടിവന്ന് അവളുടെ കാൽക്കൽ വീണു. അപ്പോൾ ഒരു പെൺസിംഹം ഉച്ചത്തിൽ നിലവിളിച്ചു. അപ്പോൾ ഒരു പെൺകരടി അവളുടെ നേരെ ക്രൂരമായി പാഞ്ഞു; എന്നാൽ പെൺസിംഹം കരടിയെ എതിർത്ത് അതിനെ കീറിമുറിച്ചു. വീണ്ടും, അലക്സാണ്ടറിന്റേതും പുരുഷന്മാരെ വിഴുങ്ങാൻ പതിവുള്ളതുമായ ഒരു പെൺസിംഹം അവളുടെ നേരെ ഓടി; എന്നാൽ പെൺസിംഹം സിംഹത്തെ കണ്ടുമുട്ടി, അവർ പരസ്പരം കൊന്നു. തെക്ലയെ സഹായിച്ച പെൺസിംഹം മരിച്ചുപോയതിനാൽ സ്ത്രീകൾ കൂടുതൽ ആശങ്കാകുലരായി. പൗലോസിന്റെയും തെക്ലയുടെയും പ്രവൃത്തികൾ 9:1-5

അവർ ഈ തീരുമാനപ്രകാരം മുന്നോട്ടുപോയി, കൂട്ടാളികൾ മലയിലേക്കും, സിംഹങ്ങളെപ്പോലെ ഉഗ്രന്മാരായി ഗുഹയിലേക്കും പോയി വാതിലിൽ മുട്ടി. പൗലോസിന്റെയും തെക്ലയുടെയും പ്രവൃത്തികൾ 11:4

സഹോദരന്മാരേ, എന്തു പറയേണ്ടു? ദൈവഭക്തരായ മനുഷ്യരാണോ ദാനിയേലിനെ സിംഹങ്ങളുടെ ഗുഹയിൽ എറിഞ്ഞത്? അത്യുന്നതന്റെ ശ്രേഷ്ഠവും മഹത്വപൂർണ്ണവുമായ ആരാധനയെ അവകാശപ്പെട്ട മനുഷ്യരാണോ അനന്യാസ്, അസറിയാസ്, മിശായേൽ എന്നിവരെ തീച്ചൂളയിൽ എറിഞ്ഞത്? ദൈവം അവരെ രക്ഷിക്കട്ടെ. 1 ക്ലെമന്റ് കൊരിന്ത്യർക്ക് എഴുതിയത് 20:9

മറന്നുപോയ ഏദൻ പുസ്തകങ്ങൾ

പിന്നെയും, കർത്താവേ, നീ എന്നെ സൃഷ്ടിച്ച മൂന്നാം മണിക്കൂറിൽ, വെള്ളിയാഴ്ചയുടെ ആദ്യ മണിക്കൂറിൽ നീ സൃഷ്ടിച്ച എല്ലാ മൃഗങ്ങളെയും, സിംഹങ്ങളെയും, ഒട്ടകപ്പക്ഷികളെയും, ആകാശത്തിലെ പക്ഷികളെയും, ഭൂമിയിൽ ചരിക്കുന്ന എല്ലാ വസ്തുക്കളെയും എന്റെ അടുക്കൽ കൊണ്ടുവന്നു. 1 ആദാമിന്റെയും ഹവ്വായുടെയും പുസ്തകം 34:7

അപ്പോൾ ദൈവവചനം അവനോട്: “ആദാമേ, ഹവ്വായെ കൂട്ടിക്കൊണ്ടു കടൽത്തീരത്തേക്കു വരിക, നീ മുമ്പ് ഉപവസിച്ചിരുന്ന സ്ഥലം. സിംഹങ്ങൾ മാംസം തിന്നുകളഞ്ഞതും തൊലികൾ ഉപേക്ഷിച്ചതുമായ ആടുകളുടെ തോലുകൾ അവിടെ നിങ്ങൾ കണ്ടെത്തും. അവയെ എടുത്ത് നിങ്ങൾക്ക് വസ്ത്രം ധരിക്കുക, വസ്ത്രം ധരിക്കുക. ആദാമിന്റെയും ഹവ്വായുടെയും 1 പുസ്തകം 50:7

ഗുഹയിൽ നിന്ന് അധികം അകലെയല്ലാതിരുന്നപ്പോൾ, സാത്താൻ അവരുടെ നേരെ വന്നു, അവർക്കും ഗുഹയ്ക്കുമിടയിൽ ഒളിച്ചു, ആദാമിന്റെയും ഹവ്വായുടെയും നേരെ വന്ന മൂന്ന് ദിവസം ഭക്ഷണമില്ലാതെ, അവരെ കഷണങ്ങളാക്കി വിഴുങ്ങാൻ എന്നപോലെ, ആദാമും ഹവ്വായും കരഞ്ഞുകൊണ്ട് ദൈവത്തോട് അവരുടെ കൈകളിൽ നിന്ന് അവരെ രക്ഷിക്കാൻ പ്രാർത്ഥിച്ചു. അപ്പോൾ ദൈവത്തിന്റെ വചനം അവരുടെ അടുക്കൽ വന്നു, സിംഹങ്ങളെ അവരിൽ നിന്ന് ഓടിച്ചു. 1 ആദാമിന്റെയും ഹവ്വായുടെയും പുസ്തകം 53:1-3

പിന്നെ യാരെദ് തന്റെ പിതാവിന്റെ കല്പന പാലിച്ചു, ഒരു സിംഹത്തെപ്പോലെ തന്റെ ജനത്തിന്റെ മേൽ എഴുന്നേറ്റു. അവൻ അവരെ നീതിയിലും നിഷ്കളങ്കതയിലും മേയിച്ചു, തന്റെ ആലോചന കൂടാതെ ഒന്നും ചെയ്യരുതെന്ന് അവരോട് കല്പിച്ചു. കാരണം, അവർ കയീന്റെ മക്കളിലേക്ക് പോകുമെന്ന് അവൻ അവരെ ഭയപ്പെട്ടു. അതുകൊണ്ടാണ് അവൻ അവർക്ക് ആവർത്തിച്ച് കൽപ്പനകൾ നൽകിയത്; തന്റെ ജീവിതത്തിന്റെ നാനൂറ്റി എൺപത്തഞ്ചാം വർഷത്തിന്റെ അവസാനം വരെ അങ്ങനെ തുടർന്നു. ഈ പറഞ്ഞ വർഷങ്ങളുടെ അവസാനത്തിൽ, ഈ അടയാളം അവന് ലഭിച്ചു. യാരെദ് തന്റെ പിതാക്കന്മാരുടെ മൃതദേഹങ്ങൾക്ക് മുന്നിൽ ഒരു സിംഹത്തെപ്പോലെ നിൽക്കുകയും തന്റെ ജനത്തിന് പ്രാർത്ഥിക്കുകയും മുന്നറിയിപ്പ് നൽകുകയും ചെയ്തപ്പോൾ, സാത്താൻ അവനോട് അസൂയപ്പെടുകയും മനോഹരമായ ഒരു ദർശനം നടത്തുകയും ചെയ്തു, കാരണം യാരെദ് തന്റെ ആലോചന കൂടാതെ തന്റെ മക്കളെ ഒന്നും ചെയ്യാൻ അനുവദിക്കില്ല. 2 ആദാമിന്റെയും ഹവ്വായുടെയും പുസ്തകം 17:1-3

പിന്നെ ഞാൻ നോക്കിയപ്പോൾ, ഫീനിക്സ്, ചാൽക്കിഡ്രി എന്നീ പേരുകളുള്ള സൂര്യന്റെ മറ്റ് പറക്കുന്ന മൂലകങ്ങളെയും കണ്ടു, അവ അത്ഭുതകരവും അതിശയകരവുമായിരുന്നു, സിംഹത്തിന്റെ ആകൃതിയിലുള്ള കാലുകളും വാലും, ഒരു മുതലയുടെ തലയും ഉണ്ടായിരുന്നു, അവയുടെ രൂപം മഴവില്ല് പോലെ ധൂമ്രനൂൽ ആയിരുന്നു; അവയുടെ വലിപ്പം തൊള്ളായിരം അളവാണ്, അവയുടെ ചിറകുകൾ മാലാഖമാരുടെ ചിറകുകൾ പോലെയാണ്, ഓരോന്നിനും പന്ത്രണ്ട് ചിറകുകളുണ്ട്, അവ സൂര്യനെ ശ്രദ്ധിക്കുകയും അനുഗമിക്കുകയും ചെയ്യുന്നു, ദൈവം അവരോട് കൽപ്പിച്ചതുപോലെ ചൂടും മഞ്ഞും വഹിച്ചുകൊണ്ട്. ഹാനോക്കിന്റെ രഹസ്യങ്ങൾ 12:1.

അതനുസരിച്ച്, പുരുഷന്മാർ അവരുടെ കഷ്ടപ്പാടുകളിൽ വിജയം നേടിയിട്ടുണ്ടെന്ന് മാത്രമല്ല, ഒരു സ്ത്രീ ഏറ്റവും ഭയാനകമായ പീഡനങ്ങളെ വെറുക്കുകയും ചെയ്തുവെന്ന് ഞാൻ തെളിയിച്ചു. ദാനിയേലിനു ചുറ്റുമുള്ള സിംഹങ്ങൾ അത്ര കഠിനമായിരുന്നില്ല, മിഷായേലിന്റെ കത്തുന്ന തീച്ചൂള അത്ര ചൂടുള്ളതായിരുന്നില്ല, അവളുടെ ഏഴ് പുത്രന്മാരെ പീഡിപ്പിക്കുന്നത് കണ്ട് മാതൃത്വത്തിന്റെ സഹജാവബോധം അവളിൽ കത്തി. എന്നാൽ മതത്താൽ നയിക്കപ്പെടുന്ന അവളുടെ യുക്തിയാൽ അമ്മ അവളുടെ

വികാരങ്ങളെ ശമിപ്പിച്ചു, അവ എത്ര ശക്തവും അസംഖ്യവുമായിരുന്നു. 4 മക്കാബീസ് 7:25-27

എന്റെ കുഞ്ഞേ, നിന്റെ കൈയിലുള്ള തവളയുടെ തുട നിന്റെ അയൽക്കാരന്റെ കലത്തിലെ വാത്തയെക്കാൾ നല്ലത്; നിന്റെ അടുത്തുള്ള ആട് ദൂരെയുള്ള കാളയെക്കാൾ നല്ലത്; നിന്റെ കൈയിലുള്ള ഒരു കുരുവി പറക്കുന്ന ആയിരം കുരുവികളെക്കാൾ നല്ലത്; ധാരാളം ഭക്ഷണം വിതറുന്നതിനേക്കാൾ നല്ലത് ശേഖരിക്കുന്ന ദാരിദ്ര്യം; ജീവനുള്ള ഒരു കുറുക്കൻ ചത്ത സിംഹത്തെക്കാൾ നല്ലത്; ഒരു റാത്തൽ കമ്പിളി ഒരു റാത്തൽ സമ്പത്തിനേക്കാൾ നല്ലത്, ഞാൻ ഉദ്ദേശിക്കുന്നത് സ്വർണ്ണവും വെള്ളിയും ആണ്; കാരണം സ്വർണ്ണവും വെള്ളിയും നിലത്ത് മറഞ്ഞിരിക്കുന്നു, അവ കാണുന്നില്ല; എന്നാൽ കമ്പിളി വിപണികളിൽ തന്നെ തുടരും, അത് കാണപ്പെടുകയും ചെയ്യും, അത് ധരിക്കുന്നവന് അത് ഒരു സൗന്ദര്യമാണ്. അഹിക്കാറിന്റെ കഥ 2:49

മകനേ, ദരിദ്രനെ അവന്റെ കഷ്ടതയിൽ സന്ദർശിക്കുക, സുൽത്താന്റെ സാന്നിധ്യത്തിൽ അവനെക്കുറിച്ച് സംസാരിക്കുക, സിംഹത്തിന്റെ വായിൽ നിന്ന് അവനെ രക്ഷിക്കാൻ നിന്റെ പരിശ്രമം നടത്തുക. അഹിക്കാറിന്റെ കഥ 2:57

എന്റെ മകനേ, നീ എനിക്ക് ഒരു കഴുതയുമായി ചങ്ങാത്തം കൂടിയ സിംഹത്തെപ്പോലെയായിരുന്നു, കഴുത കുറച്ചുനേരം സിംഹത്തിന്റെ മുമ്പിൽ നടന്നു; ഒരു ദിവസം സിംഹം കഴുതയുടെ മേൽ ചാടിവീണ് അതിനെ തിന്നുകളഞ്ഞു. അഹിക്കാറിന്റെ കഥ 7:21

ഞാൻ ഒരു സിംഹത്തെ കൊന്നു അതിന്റെ വായിൽ നിന്ന് ഒരു ആട്ടിൻകുട്ടിയെ പറിച്ചെടുത്തു. യഹൂദയുടെ നിയമം 1:11

എന്റെ പുത്രന്മാർ ലേവിയോടു ചേർന്നു അവരോടുകൂടെ എല്ലാത്തിലും പാപം ചെയ്യും; യെഹൂദാപുത്രന്മാർ അത്യാഗ്രഹികളായി സിംഹങ്ങളെപ്പോലെ അന്യന്മാരുടെ വസ്തുവകകളെ കൊള്ളയടിക്കും. ദാൻ 2:7 ലെ നിയമം.

അങ്ങനെ ഞാൻ രാത്രിയിൽ ആട്ടിൻകൂട്ടത്തെ കാവൽ നിന്നു; സിംഹമോ ചെന്നായോ ഏതെങ്കിലും കാട്ടുമൃഗമോ തൊഴുത്തിൽ വരുമ്പോഴെല്ലാം ഞാൻ അതിനെ പിന്തുടർന്നു, അതിനെ മറികടന്നു, എന്റെ കൈകൊണ്ട് അതിന്റെ കാൽ പിടിച്ചു കല്ലെറിഞ്ഞു കൊന്നു. ഗാദിന്റെ നിയമം 1:3.

യഹൂദയിൽ നിന്ന് പഞ്ഞിനൂൽ വസ്ത്രം ധരിച്ച ഒരു കന്യക ജനിച്ചുവെന്നും അവളിൽ നിന്ന് കളങ്കമില്ലാത്ത ഒരു കുഞ്ഞാട് ജനിച്ചുവെന്നും ഞാൻ കണ്ടു; അവന്റെ ഇടതുകൈയിൽ ഒരു സിംഹത്തെപ്പോലെ ഒരു കഷണം ഉണ്ടായിരുന്നു; എല്ലാ മൃഗങ്ങളും അവന്റെ നേരെ പാഞ്ഞു, കുഞ്ഞാട്

അവയെ കീഴടക്കി നശിപ്പിച്ചു, അവയെ ചവിട്ടിമെതിച്ചു. ജോസഫിന്റെ നിയമം 2:74

എന്നെ വടികൊണ്ട് അടിച്ചവരിൽ ഒരുത്തനെ ഒരു സിംഹം എതിരെ വന്നു കൊന്നു. ബെന്യാമീൻ നിയമം 1:10